നം.എം4 -34144/2017/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 19.05.2017

## പരിപത്രം

വിഷയം:-കേരള വനം വകുപ്പ് നടപ്പിലാക്കുന്ന **'ഹരിത കേരളം'** വനവൽക്കരണ പരിപാടിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ക്കൂളുകളിൽ **'എന്റെ മരം'** പദ്ധതി നടപ്പിലാക്കുന്നത് - 2017-18-ലെ IX-ാംഘട്ട പരിപാടിക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:-1)09/05/17-ലെ ജി.3/136/17/പൊ.വി.വ നമ്പർ സർക്കാർ സർക്കുലർ
2)വനം വകുപ്പ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ 24/03/17-ലെ എസ്.എ.2/62937/16 നമ്പർ കത്ത്.

ആഗോള താപനം തടയുന്നതിനു വേണ്ടി വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി 2006-07 മുതൽ കേരള സംസ്ഥാന വനം വകുപ്പിന്റെയും പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത സഹകരണത്തോടെ 'ഹരിത കേരളം' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പുതിയ തലമുറയുടെ പ്രത്യേകിച്ച് സ്ക്കൂൾ വിദ്യാർത്ഥികളുടെ സഹകരണവും ഇടപെടലുകളും ആവശ്യമായിട്ടുള്ളതാണ് പ്രസ്തുത പദ്ധതി. ഇതിന്റെ ഭാഗമായി വിഭാവനം ചെയ്യപ്പെട്ട 'എന്റെ മരം' എന്ന പദ്ധതി 1-ാം ക്ലാസ്സു മുതൽ 10-ാം ക്ലാസ്സു വരെയുള്ള കുട്ടികളെ ഉൾപ്പെടുത്തി 2017-18 വർഷത്തിലും ആവിഷ്കരിക്കുകയാണ്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) **എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും പദ്ധതിയുടെ ആവശ്യത്തിനായി ഹൈസ്ക്കൂൾ/ യു.പി.സക്കൂൾ/എൽ.പി.സ്ക്കൂൾ തല പ്രഥമാദ്ധ്യാപകരുടെ യോഗം വിളിച്ചുകൂട്ടേണ്ടതാണ്. പ്രസ്തുത യോഗത്തിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം റേഞ്ച് ഓഫീസർ/ ഫോറസ്റ്റർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്.**

2) **വിദ്യാഭ്യാസ ഉപ ഡയറക്ടർ അധ്യക്ഷനായും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ(സോഷ്യൽ ഫോറസ്ട്രി) മെമ്പർ സെക്രട്ടറിയായും ജില്ലയിൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയിൽ ജില്ലയിലെ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും റേഞ്ച് ഓഫീസർമാരും(സോഷ്യൽ ഫോറസ്ട്രി) അംഗങ്ങളായിരിക്കണം.**

3) സ്കൂൾ തലത്തിൽ പ്രധാനാദ്ധ്യാപകൻ ചെയർമാനും ലോക്കൽ ഫോറസ്റ്റർ(സോഷ്യൽ ഫോറസ്ട്രി) കൺവീനറായും സംഘാടക-അവലോകന കമ്മിറ്റി രൂപീകരിക്കണം. കമ്മിറ്റിയിൽ വാർഡ് മെമ്പർ, പി.ടി.എ. പ്രതിനിധി, അദ്ധ്യാപക പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി എന്നിവർ അംഗങ്ങളായിരിക്കണം. പ്രസ്തുത കമ്മിറ്റി ആവശ്യമായ വൃക്ഷത്തൈകളുടെ എണ്ണം ഉൾപ്പെടെയുള്ള വിവരങ്ങൾ ജില്ലാ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ അറിയിക്കേണ്ടതാണ്. പരിപാടി നടത്തിപ്പിന്റെ ഉത്തരവാദിത്വവും സ്കൂൾ തലത്തിൽ പരിപാടി നടത്തിപ്പിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതിന്റെ ഉത്തരവാദിത്വവും കമ്മിറ്റിക്കായിരിക്കും. വിതരണ കേന്ദ്രത്തിൽ നിന്ന് വൃക്ഷതൈകൾ സ്കൂളിലേക്കെത്തിക്കുവാൻ സ്കൂൾ വാഹനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

4) വൃക്ഷത്തൈകളുടെ വളർച്ചയും പരിപാലനവും ശരിയായ രീതിയിൽ നടക്കുന്നുവെന്ന് ഈ സമിതി ഉറപ്പാക്കേണ്ടതും ജില്ലാ തല കോർഡിനേഷൻ കമ്മിറ്റിക്ക് റിപ്പോർട്ട് നൽകേണ്ടതുമാണ്.

5) വൃക്ഷത്തൈകൾ ഏതൊക്കെ വിദ്യാർത്ഥികൾക്കാണോ നൽകിയത് ആ വിദ്യാർത്ഥികളുടെ പേരു വിവരവും വിതരണം ചെയ്യപ്പെട്ട വൃക്ഷത്തൈകളുടെ ഇനം, എണ്ണം എന്നിവയും അടങ്ങുന്ന ഒരു രജിസ്റ്റർ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും മേധാവികൾ സൂക്ഷിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ജിമ്മി കെ.ജോസ്
**പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(അക്കാദമിക്)**
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

**പകർപ്പ്**

1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4) എല്ലാ പ്രഥമാദ്ധ്യാപകർക്കും *(വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)*
5) കരുതൽ ഫയൽ/ഓഫീസ് കോപ്പി